# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1495/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/01/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1495/22 തീയ്യതി: 20/01/2023

## കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 09-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 22-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2022 | 22-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്),

2.ശ്രീ മനോജ് കുമാർ ടി ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

3.ശ്രീമതി അന്ന അബ്രഹാം,ഓഡിറ്റർ (ഹയർ ഗ്രേഡ്).

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.ആർ.രാമചന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.രമണി.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ശ്രീകുമാർ.എം.വി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി രസന.കെ.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ: ബേബി സുഭദ്ര | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ: വിവേക്.കെ.വി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ: ലേഖ.എ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീതി.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മിനി നാരായണൻ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.വേണുഗോപാലൻ.എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.അനീഷ് കുമാർ.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വെള്ളോറ സർക്കിൾ | 01-04-2021 | 08-06-2021 |
| ശ്രീമതി.സൗമ്യ എസ് നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വെള്ളോറ സർക്കിൾ | 09-06-2021 | 31-03-2022 |
| ശ്രീമതി.സൗമ്യ എസ് നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മാതമംഗലം സർക്കിൾ | 01-04-2021 | 08-06-2021 |
| ശ്രീമതി.ബേബി ജിഷ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മാതമംഗലം സർക്കിൾ | 09-06-2021 | 31-03-2022 |
| ശ്രീമതി.രജനി.എം.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 18-11-2021 |

| | | | |
|---|---|---|---|
| ശ്രീമതി മായാജ്യോതി.എൻ.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 19-11-2021 | 31-03-2022 |
| ശ്രീമതി സുജാത പി. | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ഡോ. അർജ്ജുൻ കെ.സി. | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-1-1 |
| 3 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക | 1-2 |
| 5 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | എം.ജി.എൻ.ആർ.ഇ.ജി.എസ് അവലോകനം | 1-6-1 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | അൺഎയ്ഡഡ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചു വരുന്നത് ക്രമപ്രകാരമല്ല. | 1-11 |
| 16 | 60 ച.മീ. ന്റ മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി | 1-12 |
| 17 | പി ഡബ്ല്യു ഡി,ഗ്രാമപഞ്ചായത്ത് സ്ഥലം ഉൾപ്പെടുത്തി കെട്ടിട ഉടമ നൽകിയ കംപ്ലീഷൻ പ്ലാൻ അംഗീകരിച്ച് ഒക്കുപ്പൻസി അനുവദിച്ചത് ക്രമപ്രകാരമല്ല. | 1-13 |
| 18 | FTE&OS ലൈസൻസിനുള്ള അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നില്ല. | 1-14 |
| 19 | സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല. | 1-15 |
| 20 | റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം-തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-16 |
| 21 | സർക്കാരിൽ നിന്നുള്ള പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു | 1-17 |
| 22 | വാഹന ഉപയോഗം- അപാകങ്ങൾ. | 1-18 |
| 23 | അഡ്വാൻസ് നൽകിയിട്ടും സ്കാനർ ലഭിച്ചില്ല. | 1-19 |

| | | |
|---|---|---|
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-20 |
| 25 | ലൈബ്രറി സെസ് ഒടുക്കുന്നതിലെ കാല താമസം ഒഴിവാക്കേണ്ടതാണ്. | 1-21 |
| 26 | ലൈഫ് ഭവന പദ്ധതി - ദീർഘ കാലമായി ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-22 |
| 27 | സാന്ത്വന പരിചരണ രോഗികൾക്കാവശ്യമായ മരുന്ന് വാങ്ങൽ-₹97,602 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-23 |
| 28 | ക്വാട്ട് ചെയ്തതിനേക്കാൾ കൂടിയ തുകയ്ക്ക് മരുന്നുകൾ വാങ്ങി.₹1506 തടസ്സപ്പെടുത്തുന്നു | 1-24 |
| 29 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി-മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം | 1-25 |
| 30 | ഭിന്നശേഷിക്കാർക്ക് തൊഴിൽ സംരംഭം-ആട് വളർത്തൽ -ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. | 1-26 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-27 |
| 32 | വനിതകൾക്ക് യോഗപരിശീലനം-ട്രെയിനർക്ക് അധിക നിരക്കിൽ പ്രതിഫലം നൽകി.6000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 1-28 |
| 33 | യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ -ഉയർന്ന നിരക്കിൽ ഉള്ളത് തിരഞ്ഞെടുക്കാനുള്ള കാരണം വ്യക്തമല്ല. | 1-29 |
| 34 | SPC യൂണിറ്റിന് അടിസ്ഥാന സൗകര്യം ഒരുക്കൽ,പഞ്ചായത്ത് വായനശാലകളുടെ വൈദ്യുതിബിൽ എന്നീ പ്രവൃത്തികൾക്ക് വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചു.30925 രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |
| 35 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വനിതകൾക്ക് യോഗപരിശീലനം-ട്രെയിനർക്ക് അധിക നിരക്കിൽ പ്രതിഫലം നൽകി.6000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 15-02-2021 തീയതിയിലെ യോഗത്തിലെ 12/2021 നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 18-02-2021തീയതിയിൽ രാവിലെ ചേർന്ന പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-101-2) 19-02-2021 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 102/21 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 18-03-2022 തീയതിയിലെ പ്രത്യേക യോഗത്തിലെ തീരുമാനപ്രകാരം (തീരുമാനം നമ്പർ-17(1) /22) ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 23-03-2022തീയതിയിലെ 139 (1) 22 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 6005690 | 30904104 |
| വരവ് | 309133420 | 247249063 |
| ആകെ | 315139110 | 278153167 |
| ചെലവ് | 310935420 | 249618812 |
| നീക്കിയിരിപ്പ് | 4203690 | 28534355 |

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2021-22 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി) നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 24.05.2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1)ദുരിതാശ്വാസ നിധി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടേണ്ട 900 രൂപ തനത് ഫണ്ടിൽ അടവാക്കിയതിനാൽ നീക്കിയിരിപ്പിൽ പ്രസ്തുത തുകയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

2) വാടക രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യ പത്രികയിലെ തുകകളും തമ്മിൽ 93666 രൂപയുടെ വ്യത്യാസമുണ്ട്. ഫിഷ് മാർക്കറ്റിന്റെ വാടക ഇനത്തിൽ ലഭിച്ച 93666 ഓക്ഷൻ ഡെപ്പോസിറ്റ് എന്ന ഹെഡ്ഡിലാണ് എടുത്തത്.

3) ആർ.പി. 40 (ബി) ഷെഡ്യൂളിൽ 450450101 എന്ന ഹെഡ്ഡിൽ TREASURY A/C – JOINT VENTURE PROJECT എന്ന അക്കൗണ്ടിൽ 50000 രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. തെറ്റായി രസീത് ചെയ്തതു മൂലമാണ് ഈ തുകയും അക്കൗണ്ടും വാർഷിക ധനകാര്യ പത്രികയിൽ വന്നത്. ഇത്തരത്തിൽ ഒരു അക്കൗണ്ട് നിലവിലില്ല. ഈ അപാകം 2022-23 ൽ ജേണൽ വഴി പരിഹരിച്ചു.

4) തെറ്റായി എൻട്രി വരുത്തിയതിനാൽ I-6 ഷെഡ്യൂളിൽ 160300206 എന്ന ഹെഡ്ഡിൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 2615000 രൂപ മൈനസ് സംഖ്യയായി രേഖപ്പെടുത്തുന്നതിന് ഇടയായി. 2750000 രൂപയായിരുന്നു I6ൽ വരേണ്ട തുക. ഇതിൽ 67500 രൂപ മാത്രം ഉൾപ്പെടുത്തിയതു കൊണ്ടാണ് അപാകം സംഭവിച്ചത്. 2022-23ൽ ജേണൽ എൻട്രി വഴി ഈ അപാകം പരിഹരിച്ചിട്ടുണ്ട്.

5) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

6) വാർഷിക ധനകാര്യ പത്രികയിലെ എം. ജി.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവുകൾ സെക്ഷൻ ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സെക്ഷൻ ലഭ്യമാക്കിയ കണക്കു പ്രകാരം 2021-22ലെ ആകെ ചെലവ് 400.98 ലക്ഷം ആണ്. എന്നാൽ I-6 ഷെഡ്യൂളിൽ 37428307 ആണ്.

7) 2021-22വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ നായിക്കുന്ന് അംഗൻവാടി കുഴൽ കിണർ നിർമ്മാണം എന്ന പദ്ധതിക്ക് (പ്രോജക്ട് നമ്പർ-131) 93000 രൂപയും വയോജന കേന്ദ്രം മാതമംഗലം കുഴൽ കിണർ നിർമ്മാണം (പ്രോജക്ട് നമ്പർ-132) എന്ന പദ്ധതിക്ക് 80000 രൂപയും ചേർത്ത് 173000 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് കൈമാറിയിരുന്നു. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം 2022-23ലാണ് പഞ്ചായത്തിന് ലഭിച്ചത്. എന്നാൽ ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ ഈ തുക ഉൾപ്പെടുത്തിയില്ല.

8) ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ സുലേഖ പത്രിക പ്രകാരമുള്ള ആകെ ചെലവ് 8034926 രൂപയും I-6 ഷെഡ്യൂൾ പ്രകാരം 8095381 രൂപയും എ.സി.ആർ. പ്രകാരം 8197160 (5061780+3135380) ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

9) വാർഷിക ധനകാര്യ പത്രികയിൽ സംഖ്യകൾ പൂർണ്ണ രൂപത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹27583630 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹104557376 |
| ആകെ | ₹132141006 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹96015851 |
| നീക്കിയിരിപ്പ് | ₹36125155 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹6000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹32431 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 20928000 | 20928000 | 20928000 | - |
| വികസന ഫണ്ട് (എസ്.സി.പി.) | - | 1449000 | 1449000 | 1449000 | - |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 803000 | 803000 | 803000 | - |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 9682000 | 9682000 | 5736508 | 3945492 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 7673840 | 7673840 | 4929587 | 2744253 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | - | 3897000+ 71744 (പലിശ)+ 593649 (സ്പിൽ ഓവർ) | 4562393 | 2650100+ 485280 (സ്പിൽ ഓവർ) =3135380 | 1427013 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 5846000+ 6462500(സ്പിൽ ഓവർ) | 12308500 | 2990647+ 2071133 (സ്പിൽ ഓവർ) =5061780 | 7246720 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 660.80 | 40951761 | 40952421.80 | 40950130 | 2291.80 |
| ഐ.സി.ഡി.എസ് (അനു പൂരക പോഷകാഹാരം | 1053234 | 1178277 | 2231511 | 1312251 | 919260 |
| അംഗൻ വാടി ടോയിലറ്റ്,നെയിം ബോർഡ് | 115306 | - | 115306 | 91392 | 23914 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| പശ്ചിമ ഘട്ട വികസന പദ്ധതി | 0.79 | - | 0.79 | - | 0.79 |
| എം.പി. ഫണ്ട് | 6344 | 172 | 6516 | - | 6516 |
| കെ.എസ്.എഫ്.ഇ. ഇ ഓൺലൈൻ വിദ്യാസഹായി | 154688 | - | 154688 | - | 154688 |

| | | | | | |
|---|---|---|---|---|---|
| വിമുക്തി | 13803 | - | 13803 | - | 13803 |
| നിർമൽ പുരസ്കാർ | 39229 | - | 39229 | - | 39229 |
| ലൈഫ് പദ്ധതി സംസ്ഥാന സർക്കാർ വിഹിതം | 2834200 | 264905 | 3099105 | 694905 | 2404200 |
| ആശ്രയ | - | 694491 | 694491 | - | 694491 |
| പൈക്ക | 47304 | 2625 | 49929 | - | 49929 |
| ടി.എസ്.സി. | 3205135 | - | 3205135 | 2988834 (തിരിച്ചടവ്) | 216301 |
| ശുചിത്വ മിഷൻഗ്രാന്റ് | 1002621 | 557780 | 1560401 | 1560401 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 186 | 112153612 | 157 | 65223282 | 18 | 139 | 29 | 75 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 7295000 | 7295000 | 100 |
| വെറ്ററിനറി സർജൻ | 4 | 4 | 1448000 | 660022 | 45.58 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 5 | 5 | 2647934 | 2571636 | 97.12 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 1 | 1 | 868052 | 868052 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 507135 | 115727 | 22.82 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28 | 25 | 33369389 | 13202798 | 39.57 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 8 | 8147904 | 7341565 | 90.10 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 39 | 35 | 9784715 | 7500136 | 76.65 |
| ഹെഡ് മാസ്റ്റർ,ഗവ.എൽ പി സ്കൂൾ. | 7 | 6 | 1847220 | 1733905 | 93.87 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 74 | 53 | 42849618 | 21348567 | 49.82 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2100000 | 1300000 | 61.90 |
| അസിസ്റ്റന്റ് | 7 | 7 | 888645 | 885874 | 99.69 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | | | | | |
| ആകെ | 186 | 157 | 112153612 | 65223282 | 58.16 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് + ജി.ഐ.എസ് സർവെ ചെലവുകൾ | 660.80 | 761696 | 762356.80 | 760065 | 2291.80 |
| തൊഴിൽകൂലി + മെറ്റീരിയൽ | | 40190065 | 40190065 | 40190065 | - |
| ആകെ | 660.80 | 40951761 | 40952421.80 | 40950130 | 2291.80 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളാണ് മേൽ കൊടുത്തിരിക്കുന്നത്. ആയത് വാർഷിക ധനകാര്യ പത്രികയിലെ I-6, I-14d കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-6-1 എം.ജി.എൻ.ആർ.ഇ.ജി.എസ് അവലോകനം

2021-22 വർഷത്തിൽ 911 പദ്ധതികളായിരുന്നു പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ 224 പദ്ധതികൾ മാത്രമാണ് നിർവഹണം നടത്താൻ സാധിച്ചത്. ആകെ 100202 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 503 കടുംബങ്ങൾക്കാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ജി.എസ്.ടി ആക്ട് സെക്ഷൻ 51 അനുസരിച്ച് രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ /ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്.ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിൽ മേൽപരാമർശിച്ചതു പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം തുക ഈടാക്കിയതായി കാണുന്നില്ല.

2) പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ ഭാഗികമായ രേഖപ്പെടുത്തലുകൾ മാത്രമാണ് നടത്തുന്നത്.

പദ്ധതി നിർവഹണം കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 928 | 15431200 |
| വിധവാപെൻഷൻ | 1153 | 19947000 |
| വാർദ്ധക്യകാല പെൻഷൻ | 2570 | 40815800 |
| വികലാംഗ പെൻഷൻ | 332 | 5629100 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 57 | 909000 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 8 | 240000 |
| തൊഴിൽ രഹിത വേതനം | 0 | 1320 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2022 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5229/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുന്നുണ്ട്.എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാന വർദ്ധനവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. കാർഷിക മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ കൃഷി ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തിയ റിപ്പോർട്ടുകൾ ഫയലിൽ ഉൾപ്പെടുത്താതെയാണ് സബ്സിഡി ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്. ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ ഫയലിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മോണിറ്ററിംഗ് -ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് സമിതി കൺവീനറായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എൻജിനീയറെ നിയമിച്ചതിലെ അപാകം.

പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് സമിതി കൺവീനറായി നിയമിച്ചത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എൻജിനീയറെയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയറെ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് സമിതി കൺവീനറായി നിയമിക്കാൻ നിലവിലുള്ള പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ അനുവദിക്കുന്നില്ല. ആയതിനാൽ ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രൊജക്ട് രൂപീകരണ ഘട്ടം കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം. എന്നാൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത കർത്തവ്യം നിർവ്വഹിച്ചിട്ടില്ല എന്നാണ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളത്. പ്രൊജക്ടുകൾ നിർവ്വഹണ ഘട്ടത്തിൽ തുടർച്ചയായ മോണിറ്ററിംഗിന് വിധേയമാക്കാത്തത് പ്രൊജക്ട് നിർവ്വഹണത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നതാണ്. ആയതിനാൽ മരാമത്ത് പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഇ) റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ് )തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി)കാർഷികമേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ കൃഷി ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ ഫയലിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ജൂലൈ,ആഗസ്റ്റ് -2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2019 ഏപ്രിൽ മാസം മുതലുള്ള 16 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ (2015-16 മുതൽ 2019-20 വരെ) 2 തടസ്സങ്ങൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്.

## 1-11 അൺഎയ്ഡഡ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചു വരുന്നത് ക്രമപ്രകാരമല്ല.

2013ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് (Act 23 Of 2013 W.e.f. 25.11.2012) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും മാത്രമാണ് കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ബിഎ പ്രകാരം (25-11-2012 തീയതി മുതൽ പ്രാബല്യം) വസ്തുനികുതി, സേവനഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവാക്കിയ കെട്ടിടങ്ങളിൽ മേൽ പരാമർശിച്ച വിഭാഗത്തിലുൾപ്പെടാത്ത അൺഎയ്ഡഡ് കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ക്രമപ്രകാരമല്ലാതെ 25-11-2012 മുതൽ വസ്തുനികുതിയിളവ് അനുവദിച്ച് വരുന്നതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിടഉടമയുടെ പേര് | കെട്ടിടനമ്പർ (പുതിയത്) | തറവിസ്തീർണ്ണം | ഈടാക്കേണ്ട വസ്തുനികുതി (10 % ഇളവ്, 20% വർധനവ്) +5% ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|
| ചെയർമാൻ, സോഷ്യൽ അഡ്വാൻസ്മെന്റ് ആൻഡ് ഡെവലപ്മെന്റ് എജൻസി ഫോർ നോളജ് ആക്സസ്, കറൂർ, | 126 ഡി | 706.31 | 706.31X4=<br>2825(-)283+566=3108+155 | 3263 |

| | | | | |
|---|---|---|---|---|
| വാർഡ്-3<br>(ആദിത്യകിരൺ കോളേജ് ഓഫ് അപ്ളൈഡ് സയൻസസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു.) | | | | |
| -------ടി----- | 126 ഇ | 706.31 | ---ടി--- | 3263 |
| ------ടി----- | 126 എ1 | 60 | 60X4=240(-)24+48=264+13 | 277 |
| ആകെ | | | | 6803 |
| 2013-14 മുതൽ 2021-22 വരെ | 6803X9 | | | 61227* |

*ഫീൽഡ് തല പരിശോധന നടത്തേണ്ടതിനാൽ നിർണ്ണയിച്ച തുക മാറ്റങ്ങൾക്ക് വിധേയമാണ്.

കെട്ടിടഉടമക്ക് 25-11-2012തീയതി മുതൽ അനർഹമായി വസ്തുനികുതിയിളവ് അനുവദിച്ചത് ക്രമപ്രകാരമല്ല. വസ്തുനികുതിയിളവ് അനുവദിച്ചത് പുനപരിശോധിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ(എം.എസ്.)നം.358/2015/സ.സ്വ.ഭ.വ. തി:16.12.15 പ്രകാരം 60 ച.മീ. വരെ വിസ്തീർണ്ണമുള്ള വീടുകളെ മാത്രമാണ് വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന പാർപ്പിടാവശ്യം/വീട് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തിയ കെട്ടിടങ്ങൾ 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളവയാണെങ്കിലും 2013 വർഷം മുതൽ വസ്തു നികുതി ഡിമാൻഡ് ചെയ്യുതായി കാണുന്നില്ല. വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം വ്യക്തമല്ല.

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര് | വാർഡ് നം. | കെട്ടിട നം. | പ്ലിൻത് ഏരിയ(ച.മീ.) | ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | പുതിയടവൻവീട്ടിൽ അപ്പൻ | 6 | 88 | 61.8 | പാർപ്പിടാവശ്യം/വീട് |
| 2 | ഉണ്ടേരകത്ത് മുസ്തഫ | 7 | 23 | 61.92 | പാർപ്പിടാവശ്യം/വീട് |
| 3 | പുതിയടവാൻ കുഞ്ഞിരാമൻ | 7 | 190 | 61.92 | പാർപ്പിടാവശ്യം/വീട് |
| 4 | താന്നിമൂട്ടിൽ വർഗീസ് | 8 | 461 | 62.98 | പാർപ്പിടാവശ്യം/വീട് |
| 5 | കിഴക്കിനിയിൽ പ്രഭാകരൻ | 17 | 529 | 63 | പാർപ്പിടാവശ്യം/വീട് |
| 6 | പി.വി തമ്പാൻ | 6 | 101 | 63.36 | പാർപ്പിടാവശ്യം/വീട് |
| 7 | മുരിക്കനാനിക്കൽ മത്തായി | 12 | 447 | 64 | പാർപ്പിടാവശ്യം/വീട് |
| 8 | ചെറൂട്ട കുഞ്ഞമ്പു നമ്പ്യാർ | 7 | 263 | 64.17 | പാർപ്പിടാവശ്യം/വീട് |
| 9 | പുതിയവീട്ടിൽ അജയ് | 7 | 33 | 64.95 | പാർപ്പിടാവശ്യം/വീട് |

| | | | | | |
|---|---|---|---|---|---|
| 10 | ചേരിയിൽ നിഷാന്ത് | 9 | 309 | 65 | പാർപ്പിടാവശ്യം/വീട് |
| 11 | മുകന്ദൻ നമ്പ്യാർ | 12 | 475 | 65 | പാർപ്പിടാവശ്യം/വീട് |
| 12 | ജിനതോമസ് | 11 | 223 | 67 | പാർപ്പിടാവശ്യം/വീട് |
| 13 | ജോബി എ ജെ | 12 | 566 | 67 | പാർപ്പിടാവശ്യം/വീട് |
| 14 | ഡയറക്ടർ.ഖാദി കേന്ദ്രം പയ്യന്നൂർ | 8 | 381 | 68 | പാർപ്പിടാവശ്യം/വീട് |
| 15 | മൊട്ടമ്മൽ നാരായണൻ | 10 | 429 | 68.24 | പാർപ്പിടാവശ്യം/വീട് |
| 16 | കണ്ടക്കീൽ സൈനദ്ദീൻ | 8 | 422 | 68.31 | പാർപ്പിടാവശ്യം/വീട് |
| 17 | വടക്കേക്കര തങ്കച്ചൻ | 2 | 449 | 68.32 | പാർപ്പിടാവശ്യം/വീട് |
| 18 | മാചാത്തി കുഞ്ഞിപ്പാറു | 3 | 60 | 68.85 | പാർപ്പിടാവശ്യം/വീട് |
| 19 | ജോളി.കെ.വി മുതൽ നാല് പേർ | 13 | 470 | 70.6 | പാർപ്പിടാവശ്യം/വീട് |
| 20 | മീത്തലെ വീട്ടിൽ ചെറിയ | 14 | 817 | 71.1 | പാർപ്പിടാവശ്യം/വീട് |
| 21 | മുരിക്കാൽ പടിഞ്ഞാറ്റയിൽ ചന്ദ്രൻ | 1 | 425 | 72 | പാർപ്പിടാവശ്യം/വീട് |
| 22 | റംലത്ത് പുതിയ വീട്ടിൽ | 10 | 451 | 72 | പാർപ്പിടാവശ്യം/വീട് |
| 23 | വി ജെ മാത്യു | 7 | 4 | 74 | പാർപ്പിടാവശ്യം/വീട് |
| 24 | യം.വി.സുന്ദരൻ | 17 | 252 | 74 | പാർപ്പിടാവശ്യം/വീട് |
| 25 | പലക്കീൽ കുമാരൻ | 4 | 522 | 75 | പാർപ്പിടാവശ്യം/വീട് |
| 26 | എറന്തല പുതിയ പുരയിൽ കുഞ്ഞിപാത്തു | 12 | 88 | 76 | പാർപ്പിടാവശ്യം/വീട് |
| 27 | പടയാറ്റിൽ മേരി | 13 | 385 | 76 | പാർപ്പിടാവശ്യം/വീട് |
| 28 | പനയന്തട്ട ഗോപിനാഥൻ | 12 | 560 | 78 | പാർപ്പിടാവശ്യം/വീട് |
| 29 | പടിഞ്ഞാറെ വീട്ടിൽ രാമചന്ദ്രൻ | 7 | 174 | 79 | പാർപ്പിടാവശ്യം/വീട് |
| 30 | പി പി ചിരുതൈ | 7 | 503 | 79 | പാർപ്പിടാവശ്യം/വീട് |
| 31 | തൈക്കീൽ ഗോവിന്ദന് | 9 | 444 | 80 | പാർപ്പിടാവശ്യം/വീട് |
| 32 | തോമസ് കരിക്കണ്ടത്തിൽ | 10 | 120 | 81 | പാർപ്പിടാവശ്യം/വീട് |
| 33 | മേക്കര വീട്ടിൽ ദാമോദരൻ | 16 | 10 | 84.88 | പാർപ്പിടാവശ്യം/വീട് |
| 34 | വട്ടത്തറയിൽ അന്നമ്മ | 7 | 3 | 104.4 | പാർപ്പിടാവശ്യം/വീട് |
| 35 | കതിരുക്കാരൻ കൃഷ്ണൻ | 5 | 197 | 107 | പാർപ്പിടാവശ്യം/വീട് |

| | | | | | |
|---|---|---|---|---|---|
| 36 | കൊഴമ്മൽ പാറക്കടവത്ത് രാജലക്ഷ്മി | 7 | 323 | 116.52 | പാർപ്പിടാവശ്യം/വീട് |
| 37 | 1.കൊടക്കാരൻ കുഞ്ഞിരാമൻ 2.അമ്മൻകോവിൽ മാധവി മുതൽ 5 പേർ | 12 | 387 | 118.75 | പാർപ്പിടാവശ്യം/വീട് |
| 38 | കാക്കാമണി സാവിത്രി | 7 | 457 | 150.48 | പാർപ്പിടാവശ്യം/വീട് |
| 39 | കുന്നോത്ത് മഠത്തിൽ ചെറിയകുട്ടി അക്കമ്മ | 15 | 181 | 160.84 | പാർപ്പിടാവശ്യം/വീട് |

സഞ്ചയ അസസ്മെന്റ് രജിസ്റ്ററിലെ ക്രമ നം.1679 മുതൽ 1780 വരെ(1685 ഒഴികെ)

മേൽപ്പറഞ്ഞ കെട്ടിടങ്ങൾ ഉൾപ്പെടെ നിരവധി കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയതിനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (19/22.10.22) ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം നടത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സഞ്ചയയിൽ കൃത്യമായ കാരണം രേഖപ്പെടുത്താതെ പൂജ്യം വസ്തു നികുതി കണക്കാക്കിയിരിക്കുന്ന എല്ലാ കെട്ടിടങ്ങളുടെയും ഫീൽഡ്തല പരിശോധന നടത്തി അവയുടെ കൃത്യത ഉറപ്പുവരുത്തുകയും ആവശ്യമായതിന് നികുതി പരിഷ്കരണം നടത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പി ഡബ്ല്യു ഡി,ഗ്രാമപഞ്ചായത്ത് സ്ഥലം ഉൾപ്പെടുത്തി കെട്ടിട ഉടമ നൽകിയ കംപ്ലീഷൻ പ്ലാൻ അംഗീകരിച്ച് ഒക്കുപ്പൻസി അനുവദിച്ചത് ക്രമപ്രകാരമല്ല.

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിലെ വാർഡ്-15 എരമം വില്ലേജിലുൾപ്പെടുന്ന 206/12 റീസർവ്വെ നമ്പറിലുൾപ്പെടുന്ന 24 സെന്റ് (പ്ലോട്ട് വിസ്തീർണ്ണം-978ചതുരശ്രമീറ്റർ) വിസ്തീർണ്ണത്തിലുള്ള സ്ഥലത്ത് 1860.41ച.മീ വിസ്തീർണ്ണത്തിലുള്ള (ബേസ് മെന്റ് നില-478.96+ GF-423.53+FF-478.96+SF-478.96) കമ്മേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് BL/11/15-16 തീയതി 18-05-2015 നമ്പർ പെർമിറ്റ് പ്രകാരം ശ്രീമതി രാധാഭായ് മുതൽ പേർക്ക് നിർമ്മാണാനുമതി നൽകുകയുണ്ടായി. പിന്നീട് പെർമിറ്റ് 17-05-2021തീയതി വരെ പുതുക്കി നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 13-10-2021തീയതിയിലെ ആർ.എ1/335/2021/തസ്വഭവ ഉത്തരവ് പ്രകാരം 10-03-2020ന് ശേഷം കാലാവധി അവസാനിച്ച നിർമ്മാണ പെർമിറ്റുകളുടെ കാലാവധി 31-12-2021 തീയതി വരെ ദീർഘിപ്പിച്ച് നൽകിയതിന്റെയടിസ്ഥാനത്തിൽ ശ്രീമതി രാധാഭായ് മുതൽ പേർ 28-12-2021 തീയതിയിൽ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ (ബേസ് മെന്റ് നില-478.96+ GF-417.20+FF-445.11+SF-445.11) എൻജിനീയറിംഗ് വിഭാഗം പരിശോധിച്ച് 28-01-2022 തീയതിയിൽ രേഖപ്പെടുത്തിയ ഫയൽ കുറിപ്പ് പ്രകാരം പ്ലോട്ടിന്റെ തെക്ക് കിഴക്ക് ഭാഗത്തുള്ള പി ഡബ്ല്യു ഡി റോഡിന്റെ ഭാഗവും പ്ലോട്ടിന്റെ വടക്ക് ഭാഗം പഴയ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന ഭാഗത്ത് നിർമ്മിച്ചിരിക്കുന്ന ചുറ്റുമതിൽ കടന്ന് നിലവിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ സ്ഥലവും ഉൾപ്പെടുത്തിയാണ് കംപ്ലീഷൻ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പി ഡബ്ല്യു റോഡ്, ഗ്രാമപഞ്ചായത്ത് സ്ഥലം എന്നിവ പ്ലോട്ടിൽ ഉൾപ്പെടുത്തി നൽകിയ കംപ്ലീഷൻ പ്ലാൻ, കവറേജ് എന്നിവ സംബന്ധിച്ച് പി ഡബ്ല്യു ഡി യിൽ നിന്ന് വ്യക്തത വരുത്താതെയും ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പഴയ കെട്ടിടം നിലനിൽക്കുന്ന സ്ഥലം കൈയേറിയിട്ടില്ലെന്ന് ഉറപ്പുവരുത്താതെയും കെട്ടിട നമ്പർ അനുവദിച്ചത് (വാർഡ്-15,735 A To T,A1 To T1, A2 To T2) ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് വ്യക്തത വരുത്തേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 FTE&OS ലൈസൻസിനുള്ള അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നില്ല.

1996 ലെ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 7, പട്ടിക 2 പ്രകാരം സ്ഥാപനത്തെ ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിർണ്ണയിക്കേണ്ടതും ഈടാക്കേണ്ടതും. GO(P)No.80/2017/LSGD തി: 31.10.17 നമ്പർ ഉത്തരവിൻ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി അനുസരിച്ച് വിവിധ സ്ഥാപനങ്ങൾക്ക് ചുമത്താവുന്ന ലൈസൻസ് ഫീസ് നിരക്കിന് 12.02.19 തിയതിയിലെ നം.57(1) തീരുമാന

പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ FTE&OS ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ അവയിൽ ഭൂരിഭാഗം അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. അതിനാൽ ഈടാക്കിയ ലൈസൻസ് ഫീയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ അപാകം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (18/21.10.22) നിലവിൽ അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നുണ്ടെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ലൈസൻസിയോട് സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെടാവുന്നതാണ്. അന്വേഷണ റിപ്പോർട്ടിൽ കൃത്യമായ മൂലധനനിക്ഷേപം രേഖപ്പെടുത്തി ലൈസൻസ് ഫീസ് നിർണ്ണയിച്ചത് ഈടാക്കേണ്ടതാണ്.

## 1-15 സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല.

1997 ലെ കേരളാ പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടെയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് പുതുക്കേണ്ടതാണ്. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2020-21 വർഷം രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും 2021-22 വർഷം ആയത് പുതുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നടത്തിപ്പുകാരന്റെ പേര് |
|---|---|---|
| 1 | ഹെൽത്ത് കെയർ,കക്കറ | ഡോ.മനമോഹൻ |
| 2 | ഇവാ ഹോമിയോപതിക്,സ്പെഷ്യാലിറ്റി ക്ലിനിക്. | ഡോ.സുരേഷ് ടി.ജി. |

ആയത് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/21.10.22) മേൽ സ്ഥാപനങ്ങൾക്ക് കത്ത് നൽകി രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനത്തിൽ നിന്നും 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 8 പ്രകാരമുള്ള പിഴ ഈടാക്കാവുന്നതാണ്.

## 1-16 റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം-തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്, ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകളും തനത് വരുമാനവർദ്ധവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ചകൾ

സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ച .

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഇത്തരം സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ വർഷങ്ങളായി ചെലവഴിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയിൻമേൽ സേവനഉപനികുതി നിശ്ചയിച്ച് ചുമത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ |
|---|---|---|

| | | വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |
| 4 | ഡ്രെയിനേജ് | 1 |

മേൽസൂചിപ്പിച്ച സേവനങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്ന തുക വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി സേവനഉപനികുതി ചുമത്തി കണ്ടെത്തുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാൻ സാധിക്കാതിരുന്നത് കാരണം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് അധികബാധ്യതയുണ്ടാകുന്നതിനിടാക്കിയിട്ടുണ്ട്. സേവനത്തിനായി ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നതിന്റെ കണക്കുകൾ ഉദ്യോഗസ്ഥതലത്തിൽ ഭരണസമിതിയെ ബോധ്യപ്പെടുത്തി സേവനഉപനികുതി നിർണ്ണയം നടത്താത്തതിനാലാണ് ഇത്തരം വീഴ്ചകൾ ഉണ്ടാകുന്നതെന്ന് വ്യക്തമാണ്. വളരെയേറേ കാലതാമസം നേരിട്ട ശേഷം നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണം പോലുള്ള വിഷയങ്ങളിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി, ജീവനക്കാർ എന്നിവർ കൂട്ടായി ഗ്രാമപഞ്ചായത്ത് വരവ്-ചെലവ് പരിഗണിച്ച് സേവനഉപനികുതി ചുമത്തുന്നതിന്റെ ആവശ്യകതയും നിരക്കും യുക്തിപൂർവ്വം തീരുമാനിച്ച് സേവനങ്ങൾക്ക് ചെലവഴിക്കുന്ന തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്ന രീതിയിൽ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മറ്റ് കാരണങ്ങൾ

1.കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

2.സഞ്ചയ പ്രകാരം നിരവധി കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയതിനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ കാരണം രേഖപ്പെടുത്താത്തതിനാലും വ്യക്തമായ രേഖകളുടെ അഭാവത്തിലും ഇതു സംബന്ധിച്ച കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .

1.കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2.സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3.ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

4. പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതും ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളോ മുറികളോ ഉണ്ടെങ്കിൽ വാടകയ്ക്ക് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമി പാട്ടത്തിന് നൽകി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5.ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6.വസ്തുനികുതി പരിഷ്കരണത്തിൽ ബാധകമാക്കാവുന്ന എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തി മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിക്കാവുന്നതാണ്.

7.ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഫീൽഡ് തല പരിശോധന നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണമുണ്ടെങ്കിൽ ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

8. 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും 6-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഘടകങ്ങളുടെ കാര്യത്തിലും കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയം

നടത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

9. 2013-14 സാമ്പത്തികവർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പഞ്ചവത്സരറിവിഷൻ 2017-18 കാലയളവിൽ അവസാനിച്ചുവെങ്കിലും 2018-19 മുതൽ പ്രാബല്യത്തിൽ നടത്തേണ്ട പഞ്ചവത്സരറിവിഷന് സർക്കാർ അനുമതി നൽകിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള പഞ്ചവത്സരറിവിഷന് വേണ്ട നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്.
മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനവർദ്ധനവിനാവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 സർക്കാരിൽ നിന്നുള്ള പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു

26-07-2021ലെ ജി.ഒ.(പി) നമ്പർ 160/2021/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കുന്നത് 1-06-2021 മുതൽ പ്രാബല്യത്തിൽ 6 മാസത്തേക്ക് മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിയന്ത്രണം ഇപ്പോഴും തുടർന്നു വരികയാണ്. മേൽ പരാമർശിച്ച ഉത്തരവ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. (പാർടൈം കണ്ടിജന്റ് ജീവനക്കാർ, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരെ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്.) എന്നാൽ എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിൽ ആർജിതാവധി പണമാക്കുന്നതിന് അനുമതി ലഭിക്കാത്ത ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | അനുവദിച്ച തുക | വൗച്ചർ നമ്പർ,തീയ്യതി, തുക |
|---|---|---|---|---|
| 1 | അബ്ദുൾ സലാം കെ. | ക്ലർക്ക് | 42513 | 22100154/2-6-21/ ₹203294 |
| 2 | അംഗിരസ് പാക്കത്ത് | ക്ലർക്ക് | 30304 | ടി |
| 3 | ലീനാകുമാരി കെ.വി. | സീനിയർ ക്ലർക്ക് | 41514 | ടി |
| 4 | സജിത പി.കെ. | അക്കൗണ്ടന്റ് | 57054 | ടി |
| 5 | ശ്രീവിദ്യ കെ | ക്ലർക്ക് | 31909 | ടി |
| 6 | കൃഷ്ണദാസ് കെ.വി. | സീനിയർ ക്ലർക്ക് | 50616 | 22100242/7-7-2021/ ₹50616 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആർജ്ജിതാവധി സറണ്ടർ മരവിപ്പിച്ച ഉത്തരവ് 26-07-2021നായിരുന്നു വന്നത് എന്നതു കൊണ്ടാണ് സറണ്ടർ അനുവദിച്ചത് എന്നാണ് മറുപടി നൽകിയത്. ഇത് സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 വാഹന ഉപയോഗം- അപാകങ്ങൾ.

എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 2 വാഹനങ്ങളാണുള്ളത്.

KL86A2099 നമ്പർ മഹീന്ദ്ര ബൊലേറോ ജീപ്പ്, ഹരിത കർമ്മ സേനയുടെ ഉപയോഗത്തിനുള്ള KL86A4216 നമ്പർ ഇലക്ട്രോണിക് റിക്ഷാ വിത്ത് കാർട്ട് എന്നിവയാണ് വാഹനങ്ങൾ. പഞ്ചായത്തിലെ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല .

30-06-2007ലെ സ.ഉ (എം.എസ്.) 170/07 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി നിർബന്ധമായും സൂക്ഷിക്കേണ്ടതായ താഴെ ചേർക്കും പ്രകാരമുള്ള രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. തൻ വർഷം മുതൽ സൂക്ഷിക്കുന്നതാണെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ-13/19.10.2022) അറിയിച്ചത്.

(I) റിപ്പയർ രജിസ്റ്റർ

(Ii) സ്റ്റോക്ക് രജിസ്റ്റർ

(Iii) ഫ്യുവൽ രജിസ്റ്റർ

(IV) ഇന്ധനങ്ങളുടെ ഓർഡർ ബുക്ക്

2) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നില്ല .

മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 4 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ വാഹനവുമായി ബന്ധപ്പെട്ട് ചെലവായ തുകയെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ കഴിഞ്ഞ അർദ്ധ വർഷത്തിൽ വാഹനം ഓടിയ ദൂരം കിലോ മീറ്ററിൽ കാണിച്ചിരിക്കേണ്ടതുമാണ്. എന്നാൽ എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിൽ ഈ നിർദ്ദേശവും പാലിച്ചിട്ടില്ല.

31-03-2006ലെ സ.ഉ. (പി)നമ്പർ-161/2006/ഫിൻ നമ്പർ ഉത്തരവ് പ്രകാരമുള്ള വെഹിക്കിൾ ഹിസ്റ്ററി ബുക്ക് (പുതിയ വാഹനങ്ങളുടേത്) സൂക്ഷിച്ചിട്ടില്ല

3) വാഹനം ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു .

KL86A4216 നമ്പർ ഇലക്ട്രോണിക് റിക്ഷാ വിത്ത് കാർട്ടിന്റെ ലോഗ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത വാഹനം 24-03-2022നാണ് പഞ്ചായത്തിന് ലഭിച്ചത്. എന്നാൽ വാഹനം ഉപയോഗിക്കാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ഹരിത കർമ്മ സേനാംഗങ്ങളിൽ തയ്യാറായ രണ്ടു പേരോട് ഡ്രൈവിംഗ് പരിശീലനം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട് എന്നാണ് പഞ്ചായത്ത് അറിയിച്ചത്. വാഹനം ദീർഘ കാലം ഉപയോഗിക്കാതെ സൂക്ഷിച്ചാൽ വാഹനത്തിന് തകരാറുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. വാഹനം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

4) ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നില്ല .

ഉത്തരവിന്റെ ഖണ്ഡിക 16ൽ നിർദ്ദേശിച്ച പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടില്ല.

5)ലോഗ് ബുക്ക് യഥാവിധി സൂക്ഷിക്കുന്നില്ല

ലോഗ് ബുക്കിൽ യാത്രകൾ വേർതിരിച്ചു കാണിക്കാതെ ഒരു ദിവസത്തെ യാത്രകൾ ഒന്നിച്ച് കാണിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണമായി 17-07-2021 ന് രാവിലെ മാതമംഗലത്തു നിന്ന് പുറപ്പെട്ട് പ്രസിഡണ്ടിന്റെ താമസ സ്ഥലത്തു പോയി പ്രസിഡണ്ടിനെയും കൂട്ടി ഓഫീസിലെത്തിയതിനു ശേഷം കാങ്കോൽ ആലപ്പടം ഗ്രാമപഞ്ചായത്ത്, പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത്, വെള്ളോറ എന്നീ സ്ഥലങ്ങളിൽ പോയി തിരിച്ചു വന്നതിന് പുറപ്പെട്ട സമയം 9 എ.എം To 3 പി.എം. എന്നു ചേർത്തിരിക്കുന്നു. തിരിച്ചെത്തിയ സമയം രേഖപ്പെടുത്തിയിട്ടുമില്ല. ഓരോ യാത്രയും പൂർത്തീകരിച്ച് കാര്യാലയത്തിൽ തിരിച്ചെത്തിയതും തുടർന്നുമുള്ള യാത്രകൾ വേർതിരിച്ച് രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ലോഗ് ബുക്കിൽ ഇന്ധന ഉപയോഗത്തിന്റെ പ്രതി മാസ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 അഡ്വാൻസ് നൽകിയിട്ടും സ്കാനർ ലഭിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0102/22 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹50000, തനത് ഫണ്ട് |
| ചെലവ് | ₹46866 |
| വൗച്ചർ നമ്പർ,തീയ്യതി | 22100575/27-10-2021 |

പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി സ്കാനർ ലഭിക്കുന്നതിന് വേണ്ടി 7069 രൂപ അഡ്വാൻസായി കെൽട്രോണിന് നൽകിയിരുന്നു (പ്രൊഫോർമ ഇൻവോയ്സ് നമ്പർ-TVM/ITBG/P1/RC/28573/20-1/23-03-2022)

എന്നാൽ 26-03-2022ലെ ITBG/RC/496/21-22 നമ്പർ കത്തിൽ പ്രസ്തുത ഇനം ലഭ്യമല്ലെന്നും തുക റീഫണ്ട് ചെയ്തു നൽകാമെന്നും കെൽട്രോൺ അറിയിച്ചിരുന്നു. എന്നാൽ ഇതേ വരെ പഞ്ചായത്തിന് തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭിക്കുന്നതിനായി കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-11/19.10.2022) മറുപടിയിൽ പഞ്ചായത്ത് അറിയിച്ചത്. തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

2021-22 വർഷം എരമം കുറ്റൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ /വൗച്ചർ നമ്പർ, തീയ്യതി | തുക കൈപ്പറ്റിയ സ്ഥാപനം/ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | S00044/22 | ഐ.കെ.എം. വിഹിതം നൽകൽ | 100000 വികസന ഫണ്ട് സാധാരണ വിഹിതം | ₹100000 | 7/28-7-21 | എക്സിക്യൂട്ടീവ് ഡയറക്ടർഐ.കെ.എം. |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-21 ലൈബ്രറി സെസ് ഒടുക്കുന്നതിലെ കാല താമസം ഒഴിവാക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൌൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ /29-12-2000) 2020-21 രണ്ടാം അർദ്ധ വർഷത്തിലെ വരവ് തുകയുടെ കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അർദ്ധ വർഷം | വൌച്ചർ നമ്പർ തീയ്യതി, തുക | രസീത് നമ്പർ ,തീയ്യതി |
|---|---|---|
| 2020-21 രണ്ടാം അർദ്ധ വർഷം- ₹171195<br>2021-22 ഒന്നാം അർദ്ധ വർഷം- ₹47444 | 22100574/27-10-2021 /₹218639 | 32234/9-11-21 കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം |

ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി - ദീർഘ കാലമായി ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എരമം- കുറ്റൂർ ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ചില ഗുണഭോക്താക്കൾ ദീർഘ കാലമായി ഭവന നിർമ്മാണം പൂർത്തിയാക്കാതെ തുടരുകയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഇതേ വരെ അനുവദിച്ച തുക | വിഭാഗം | അവസാനമായി തുക ലഭിച്ച തീയ്യതി | നിർവഹണ ഉദ്യോഗസ്ഥൻ നലികിയ വിശദീകരണം |
|---|---|---|---|---|---|
| 1 | പിലാക്കൽ യശോദ | 301000 (3 ഗഡു) | ജനറൽ | 24-11-2018 | ഗുണഭോക്താവിന് വാർദ്ധക്യസഹജമായ അസുഖം കാരണം പണി നിലച്ചുപോയതാണ് |

| | | | | | |
|---|---|---|---|---|---|
| | | | | | എന്നാണ് വിശദീകരണം |
| 2 | നഫീസ കെ | 300000 (3 ഗഡു) | ജനറൽ | 22-01-2021 | അപേക്ഷക ഈ പഞ്ചായത്തിൽ താമസിക്കുന്ന ആളല്ലെന്നാണ് വിശദീകരണം |
| 3 | സജിനി W/oസുരേശൻ വി.കെ | 40000 (1ഗഡു) | ജനറൽ | 28-03-2019 | ടി |
| 4 | കല്ല്യാണി വി. | 40000 (1ഗഡു) | ജനറൽ | 28-03-2019 | ടി |

ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ 6/15-10-2022) മറുപടിയിൽ ഗുണഭോക്താക്കൾക്ക് കത്തു നൽകിയിട്ടുണ്ടെന്നാണ് നിർവഹണ ഉദ്യോഗസ്ഥ വിശദീകരിച്ചത്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം അനുവദിച്ച തുകകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 സാന്ത്വന പരിചരണ രോഗികൾക്കാവശ്യമായ മരുന്ന് വാങ്ങൽ-₹97,602 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ |
| പ്രൊജക്ടിന്റെ പേര് | സാന്ത്വന പരിചരണ പരിപാടി |
| പ്രോജക്റ്റ് നം | 78/22 |
| അടങ്കൽ/ചെലവ് | ₹7,12,240 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ ₹762240 |

2021-22 സാമ്പത്തിക വർഷം സാന്ത്വന പരിചരണ രോഗികൾക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ₹2,80,000 കേരളാ മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്.എന്നാൽ ₹97,602 യുടെ മരുന്നുകൾ നാളിതുവരെയായി ലഭ്യമായിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം. | KMSCL ന് മുൻകൂർ നൽകിയ തുക | പ്രൊഫോർമാ ഇൻവോയ്സ് | ലഭിച്ച മരുന്നുകളുടെ തുക/ഇൻവോയ്സ് നമ്പർ | മരുന്നുകൾ ലഭ്യമാകാനുള്ളത് (₹) |
|---|---|---|---|---|
| 133/6.11.21 | 223856 | PRF-3179/5.11.21 - ₹111310 | ₹19895 – 13070/15.2.22<br>₹25133-13085/15.2.22<br>₹7872-10744/13.9.22<br>₹2603-10747/13.9.22<br>₹17623-12346/28.9.22<br>ആകെ – ₹73126 | 38184 |

| | | | | |
|---|---|---|---|---|
| | | PRF – 3183/5.11.21 – ₹112546 | ₹20611-13064/15.2.22<br>₹26772-13957/26.2.22<br>₹50038-3252/31.5.22<br>₹3891-10740/13.9.22<br>ആകെ – ₹101312 | 11234 |
| 334/19.3.22 | 56144 | PRF-4845/17.1.22-₹56144 | ₹7960-9836/31.8.22 | 48184 |
| | | | | ആകെ – 97,602 |

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2/15.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹97,602 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ക്വാട്ട് ചെയ്തതിനേക്കാൾ കൂടിയ തുകയ്ക്ക് മരുന്നുകൾ വാങ്ങി.₹1506 തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെക്കൊടുത്തിരിക്കുന്ന പ്രൊജക്ടുകളിൽ മരുന്നുകൾ വാങ്ങിയിരിക്കുന്നത് മത്സരാധിഷ്ഠിത ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെയാണ്. എന്നാൽ ഇൻവോയ്സുകൾ പരിശോധിച്ചപ്പോൾ ചില മരുന്നുകൾ ക്വാട്ട് ചെയ്ത തുകയേക്കാൾ കൂടിയ നിരക്കിലാണ് വാങ്ങിയിരിക്കുന്നത് എന്നു കണ്ടു.

1.കോവിഡ് രോഗികൾക്കുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | കോവിഡ് രോഗികൾക്കുള്ള മരുന്നുകളും ഉപകരണങ്ങളും |
| പ്രോജക്റ്റ് നം | 107/22 |
| അടങ്കൽ | 200000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹1,87,272 |

ബിൽ നം.271/19.2.22 -₹30,000

ഇൻവോയ്സ് നം.₹E11201F തി:29.11.21

മേൽ സൂചിപ്പിച്ച ബിൽ പ്രകാരം മരുന്നുകൾ ലഭ്യമാക്കിയതിന് ജൻ ഔഷധി മെഡിക്കൽ സ്റ്റോർ, കണ്ണപുരത്തിന് ₹30,000 നൽകിയിട്ടുണ്ട്. മത്സരാധിഷ്ഠിത ക്വട്ടേഷൻ നടപടി ക്രമത്തിലൂടെയാണ് മരുന്നുകൾ ലഭ്യമാക്കിയിരിക്കുന്നത്. ഏറ്റവും താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത ജൻ ഔഷധി മെഡിക്കൽ സ്റ്റോർ, Vit C&Zinc TAB ന് ഒന്നിന് GST ഉൾപ്പെടെ ₹2.9 ആണ് ക്വാട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ഒറിജിനൽ ഇൻവോയ്സ് പ്രകാരം ഒരു ടാബിന് ₹3 (GST ഉൾപ്പെടെ) ആണ് ഈടാക്കിയിരിക്കുന്നത്. ആയത് 10,000 ടാബ് ലറ്റ് പർച്ചേസ് ചെയ്തപ്പോൾ ₹29,000 വരേണ്ടതിനു പകരം ₹30,000 ആണ് ജൻ ഔഷധി മെഡിക്കൽ സ്റ്റോറിന് നൽകിയിരിക്കുന്നത്. ₹1000 അധികം നൽകി.

2.കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകളും മറ്റു ലാബ് റീഏജന്റുകളും വാങ്ങൽ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകളും മറ്റു ലാബ് റീഏജന്റുകളും വാങ്ങൽ |
| പ്രൊജക്റ്റ് നം | 90/22 |
| അടങ്കൽ/ചെലവ് | 3,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>2,82,634 മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) |

| | |
|---|---|
| | ---------------<br>ആകെ – ₹582634 |

ബിൽ നം.25/24.6.21 -₹37,468

ഇൻവോയ്സ് നം.A001449/26.4.21-₹20117

മേൽ സൂചിപ്പിച്ച ബിൽ പ്രകാരം മരുന്നുകൾ ലഭ്യമാക്കിയതിന് മുദ്ര എന്റർപ്രൈസസ് പയ്യന്നൂരിന് ₹37,468 നൽകിയിട്ടുണ്ട്. മുദ്ര എന്റർപ്രൈസസ് Zinc-C Tab 15'ന് ₹38+12% GST ആണ് ക്വാട്ട് ചെയ്തിരിക്കുന്നത്.എന്നാൽ മേൽ സൂചന ഇൻവോയ്സ് പ്രകാരം ₹39.27+12% GST ആണ് ഈടാക്കിയിരിക്കുന്നത്. 356 എണ്ണം ടാബ്ലറ്റുകളാണ് വാങ്ങിയിരിക്കുന്നത്.ജി.എസ്.ടി ഉൾപ്പെടെ ₹1506 രൂപ അധികം നൽകിയിട്ടുണ്ട്.

മേൽ അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(2/15.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം നൽകിയ ₹1506 തടസ്സപ്പെടുത്തുന്നു. എൻക്വയറിക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി-മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രൊജക്ടിന്റെ പേര് | ജി.എച്ച്.ഡി.വെള്ളോറ, ജി.എച്ച്.ഡി. എരമം കുറ്റൂർ എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്ന വാങ്ങൽ |
| പ്രോജക്റ്റ് നം | 45/21-22 |
| അടങ്കൽ/ചെലവ് | ₹4,00,000 മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) |
| ബിൽ നം/തിയതി | 174/21.12.21(ACR പ്രകാരം) |
| പ്രൊഫോർമ ഇൻവോയ്സ് | PF-690/6.10.21-₹2,00,000<br>PF-691/6.10.21-₹2,00,000 |

2021-22 സാമ്പത്തിക വർഷം ജി.എച്ച്.ഡി.വെള്ളോറ,ജി.എച്ച്.ഡി. എരമം കുറ്റൂർ എന്നീ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോ യ്ക്ക് 4,00,000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്.എന്നാൽ മരുന്നുകൾ നാളിതുവരെയായി ലഭ്യമായിട്ടില്ല.മരുന്നുകൾ ഇതുവരെ ലഭിക്കാതിരുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ രണ്ട് ഹോമിയോ ഡിസ്പൻസറികളിലെയും മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(1/11.10.22) അത്യാവശ്യം വേണ്ട മരുന്നുകൾ ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും എത്തിക്കുന്നുണ്ടെന്നും ഹോകോയിൽ നിന്ന് ഉടൻതന്നെ മരുന്നുകൾ എത്തുമെന്നാണ് അറിഞ്ഞതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അവയുടെ പർച്ചേസ് രേഖകൾ, സ്റ്റോക്ക് വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 ഭിന്നശേഷിക്കാർക്ക് തൊഴിൽ സംരംഭം-ആട് വളർത്തൽ -ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് തൊഴിൽ സംരംഭം-ആട് വളർത്തൽ |

| | |
|---|---|
| പ്രോജക്റ്റ് നം | 234/21-22 |
| അടങ്കൽ | ₹200000വികസന ഫണ്ട്(പൊതു വിഭാഗം)<br>₹200000 ഗുണഭോക്തൃവിഹിതം<br>ആകെ – ₹400000 |
| ചെലവ് | ₹1,25,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹1,25,000 ഗുണഭോക്തൃവിഹിതം<br>ആകെ – ₹2,50,000 |
| ബിൽ നം/ചെക്ക് നം | 357/23.3.22-₹1,25,000(ACR പ്രകാരം)<br>ചെക്ക് നം.5517081/27.3.22-₹1,25,000 |

ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർക്ക് ഒരു തൊഴിൽ സംരംഭം എന്ന നിലയിൽ 5 ആടിനെ വീതം വാങ്ങി നൽകുന്നതിനാണ് മേൽ പ്രൊജക്ട്. സിബി പി.സി.(വാർഡ്.4), രവീന്ദ്രൻ പി.വി. (വാർഡ്.14), ശരണ്യ ഇ(വാർഡ്.16), ടി.പി.മുഹമ്മദലി (വാർഡ്.6), കാഞ്ഞിരപ്പറമ്പിൽ തദ്ദേവൂസ് (വാർഡ്.20) എന്നിവർക്കാണ് ആടുകളെ വാങ്ങി നൽകിയിരിക്കുന്നത്. എന്നാൽ ആയവരെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ ഇടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (7/15.10.22) ഗുണഭോക്തൃലിസ്റ്റിന് അടുത്ത ഗ്രാമസഭായോഗത്തിൽത്തന്നെ അംഗീകാരം വാങ്ങുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് തന്നെ ആനുകൂല്യം വിതരണം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രൊജക്റ്റ് നം | 52/21-22 |
| അടങ്കൽ | ₹2,12,500 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹2,12,500 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹4,25,000 ഗുണഭോക്തൃവിഹിതം<br>ആകെ – ₹ 8,50,000 |
| ചെലവ് | ₹2,12,500 വികസന ഫണ്ട്(പൊതു വിഭാഗം) |
| ബിൽ നം | 84/20.9.21(ACR പ്രകാരം) |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകരുടെ 4 മാസം മുതൽ പ്രായമുള്ള, ആരോഗ്യമുള്ള 34 കന്നുകുട്ടികളെ പഞ്ചായത്തും സർക്കാരും ചേർന്ന് ദത്തെടുത്ത് 50% സബ്സിഡിയോടെ ക്ഷീരസംഘങ്ങൾ വഴി 36 മാസത്തേക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പദ്ധതി. വികസനഫണ്ട് ഫണ്ടിൽ നിന്നും ₹ 2,12,500/- എസ് എൽ ബി പി

ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കറ്റൂർ ,വെള്ളോറ,പേരൂൽ എന്നീ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പ്രൊജക്ട് നടപ്പിലാക്കാൻ 25.11.21 തീയതിയിലെ 14/400 നമ്പർ ഭരണസമിതി തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്.എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത്, എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/15.10.22) പദ്ധതി നിലവിൽ നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 വനിതകൾക്ക് യോഗപരിശീലനം-ട്രെയിനർക്ക് അധിക നിരക്കിൽ പ്രതിഫലം നൽകി.6000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രൊജക്ടിന്റെ പേര് | യോഗപരിശീലനം വനിതകൾക്ക് |
| പ്രൊജക്റ്റ് നം | 225/22 |
| അടങ്കൽ/ചെലവ് | 30,000വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം. | 375/25.3.22 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ വനിതകൾക്ക് യോഗപരിശീലനം നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം. 27.1.22 ലെ 11/54(3) ഭരണസമിതി തീരുമാനപ്രകാരം (ഇന്റർവ്യൂ നടത്തി തിരഞ്ഞെടുത്ത) സുനിതാ പി.പി. എന്നവരെയാണ് യോഗ ട്രെയിനറായി അംഗീകരിച്ചിരിക്കുന്നത്. ഫെബ്രുവരി,മാർച്ച് എന്നീ മാസങ്ങളിലായി ഒരു മണിക്കൂർ ദൈർഘ്യമുള്ള 60 സെഷനുകളായാണ് ക്ലാസ്സ് നടത്തിയിരിക്കുന്നത്. ഒരു സെഷന് 600 രൂപ നിരക്കിൽ ₹30000 ആണ് ട്രെയിനർക്ക് പ്രതിഫലം ആയി നൽകിയിരിക്കുന്നത്. എന്നാൽ 14-02-2018 തീയതിയിലെ സ.ഉ (കൈ) 22/2018 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം യോഗപരിശീലനത്തിന് ഒരു സെഷന് 400 രൂപ നിരക്കിൽ ഒരു മാസം പരമാവധി അനുവദിക്കാവുന്നത് 12000 രൂപ ആണ്. അതായത് മേൽ പരാമർശിച്ച പരിശീലനത്തിന് പരമാവധി അനുവദിക്കാവുന്നത് 24,000 (2 മാസത്തേക്ക് 2x12000) രൂപ ആണ്. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിരിക്കുന്ന നിരക്കിനേക്കാൾ അധികം തുക നൽകിയതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/20.10.22) അധികമായി നൽകിയ തുക പരിശീലകയിൽ നിന്ന് തിരിച്ചുപിടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധികമായി നൽകിയ ₹6000 ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ -ഉയർന്ന നിരക്കിൽ ഉള്ളത് തിരഞ്ഞെടുക്കാനുള്ള കാരണം വ്യക്തമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ടിന്റെ പേര് | യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ |
| പ്രൊജക്റ്റ് നം | 25/22 |
| അടങ്കൽ | ₹125000 – തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | ₹1,24,950 |
| ചെക്ക് നം | JM-4039843/14.2.22 |

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 54 യുവജനക്ലബ്ബുൾക്ക് അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 4000 രൂപയിൽ കവിയാത്ത രീതിയിൽ സ്പോർട്സ് കിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നം.2122/GLR-59/24.1.22). മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്രമങ്ങളിലൂടെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത TBS പബ്ലിഷേഴ്സ് ആൻഡ് ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് സ്പോർട്സ് കിറ്റുകൾ വാങ്ങിയിരിക്കുന്നത്. ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ് കിറ്റ് എന്നിവയാണ് വാങ്ങിയിരിക്കുന്നത്. TBS പബ്ലിഷേഴ്സ് ആൻഡ് ഡിസ്ട്രിബ്യൂട്ടേഴ്സ് മേൽ പറഞ്ഞ സ്പോർട്സ് ഉപകരണങ്ങളുടെ വ്യത്യസ്ത കമ്പനികളുടെ വ്യത്യസ്ത നിരക്കിലുള്ളവ ക്വാട്ട് ചെയ്തിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ കത്തിൽ (A1.4737/202/21.12.21) അവയിൽ ഒന്ന് മാത്രമാണ് സാമ്പിൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. 18.12.21 തിയതിയിലെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ് പ്രകാരം 3 സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത TBS പബ്ലിഷേഴ്സ് ആൻഡ് ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ടെണ്ടർ അംഗീകരിക്കുന്നതിനായി ഭരണസമിതിക്ക് ശുപാർശ ചെയ്യുകയാണുണ്ടായത്. കുറഞ്ഞ നിരക്കിലുള്ള ഉപകരണങ്ങൾ TBS പബ്ലിഷേഴ്സ് ആൻഡ് ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ക്വട്ടേഷനിൽ ഉണ്ടായിട്ടും എന്തുകൊണ്ട് ഉയർന്ന നിരക്കുള്ളതിന്റെ സാമ്പിൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു എന്ന് വ്യക്തമല്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിൽ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകളൊന്നുമില്ല. ക്വാട്ട് ചെയ്ത എല്ലാ സാമ്പിളുകളും പരിശോധിക്കാതെ ഒരു സാമ്പിൾ മാത്രം പരിശോധനയ്ക്ക് ലഭ്യമാക്കി അംഗീകരിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച എൻക്വയറിക്ക് (3/15.10.22) വില കുറഞ്ഞതിന് ഗുണനിലവാരമില്ലാത്തതിനാലാണ് വിദഗ്ദ സമിതിയുടെ അഭിപ്രായപ്രകാരം കൂടിയ വിലയുള്ളവയുടെ സാമ്പിൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ ആയത് സംബന്ധിച്ച് എവിടെയും രേഖപ്പെടുത്തലുകളില്ല. ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങളിൽ ഉയർന്ന നിരക്കിലുള്ളതാണ് വാങ്ങുന്നതെങ്കിൽ ആയതിന്റെ കാരണവും സാമ്പിൾ പരിശോധിച്ചതിന്റെ വിശദാംശങ്ങളും പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 SPC യൂണിറ്റിന് അടിസ്ഥാന സൗകര്യം ഒരുക്കൽ,പഞ്ചായത്ത് വായനശാലകളുടെ വൈദ്യുതിബിൽ എന്നീ പ്രവൃത്തികൾക്ക് വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചു.30925 രൂപ തടസ്സപ്പെടുത്തുന്നു.

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ താഴെക്കൊടുത്തിരിക്കുന്ന പ്രൊജക്ടുകളിൽ തനത് ഫണ്ടിന് പകരം വികസന ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നത്.

1.SPC യൂണിറ്റിന് അടിസ്ഥാന സൗകര്യം ഒരുക്കൽ

| | |
|---|---|
| പ്രൊജക്റ്റ് നം | 253/22 |
| അടങ്കൽ/ചെലവ് | 27,220വികസന ഫണ്ട്(പൊതു വിഭാഗം) |
| ബിൽ നം. | 343/21.3.22(ACR പ്രകാരം) |

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, മാതമംഗലത്തിൽ പ്രവർത്തിക്കുന്ന SPC യൂണിറ്റിന് ഫർണിച്ചർ വാങ്ങുന്നതിന് തുക അനുവദിക്കുന്നതിനാണ് മേൽ പ്രൊജക്ട്.സ.ഉ(സാധാ)നം.03/2012/ത.സ്വ.ഭ.വ. തി:2.01.12 പ്രകാരം SPC യൂണിറ്റിന് തുക അനുവദിക്കേണ്ടത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ്. എന്നാൽ ഇവിടെ വികസനഫണ്ടിൽ നിന്നാണ് ₹27220 SFC യൂണിറ്റിന് അനുവദിച്ചിരിക്കുന്നത്.

2.പഞ്ചായത്ത് വായനശാലകളുടെ വൈദ്യുതിബിൽ അടയ്ക്കൽ

| | |
|---|---|
| പ്രൊജക്റ്റ് നം | 103/22 |
| അടങ്കൽ | 50000വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | 3705 |

| | |
|---|---|
| ബിൽ നം. | 344/21.3.22(ACR പ്രകാരം) |

പഞ്ചായത്തിന്റെ അധീനതയിലുള്ള 4 വായനശാലകളുടെ വൈദ്യുതി ബിൽ ഒടുക്കുന്നതിനായി ₹3705 വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വായനശാലകളുടെ കണ്ടിൻജന്റ് ചെലവിനായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത് അനുവദനീയമല്ല.

മേൽ അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക്(3/15.10.22)ഫണ്ടിന്റെ ഇനം മാറിയത് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്.തനത് ഫണ്ടിൽ നിന്ന് അനുവദിക്കേണ്ട തുക വികസന ഫണ്ടിൽ നിന്ന് അനുവദിച്ചതിനാൽ ചെലവ് തുകയായ 30925 രൂപ (27220+3705) തടസ്സപ്പെടുത്തുന്നു.

### 1-31 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യൂ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെയും പുറമ്പോക്ക് ഭൂമിയിലെയും മരങ്ങളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തുന്ന വൃക്ഷരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വനിതകൾക്ക് യോഗപരിശീലനം-ട്രെയിനർക്ക് അധിക നിരക്കിൽ പ്രതിഫലം നൽകി.6000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രൊജക്ടിന്റെ പേര് | യോഗപരിശീലനം വനിതകൾക്ക് |
| പ്രൊജക്റ്റ് നം | 225/22 |
| അടങ്കൽ/ചെലവ് | 30,000വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം. | 375/25.3.22 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ വനിതകൾക്ക് യോഗപരിശീലനം നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം. 27.1.22 ലെ 11/54(3) ഭരണസമിതി തീരുമാനപ്രകാരം (ഇന്റർവ്യൂ നടത്തി തിരഞ്ഞെടുത്ത) സുനിതാ പി.പി. എന്നവരെയാണ് യോഗ ട്രെയിനറായി അംഗീകരിച്ചിരിക്കുന്നത്. ഫെബ്രുവരി,മാർച്ച് എന്നീ മാസങ്ങളിലായി ഒരു മണിക്കൂർ ദൈർഘ്യമുള്ള 60 സെഷനുകളായാണ് ക്ലാസ്സ് നടത്തിയിരിക്കുന്നത്. ഒരു സെഷന് 600 രൂപ നിരക്കിൽ ₹30000 പ്രതിഫലമായി ട്രെയിനർക്ക് പ്രതിഫലം ആയി നൽകിയിരിക്കുന്നത്. എന്നാൽ 14-02-2018 തീയതിയിലെ സ.ഉ (കൈ) 22/2018 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം യോഗപരിശീലനത്തിന് ഒരു സെഷന് 400 രൂപ നിരക്കിൽ ഒരു മാസം പരമാവധി അനുവദിക്കാവുന്നത് 12000 രൂപ ആണ്. അതായത് മേൽ പരാമർശിച്ച പരിശീലനത്തിന്

പരമാവധി അനുവദിക്കാവുന്നത് 24,000 (2 മാസത്തേക്ക് 2x12000) രൂപ ആണ്. സബ്ഡിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിരിക്കുന്ന നിരക്കിനേക്കാൾ അധികം തുക നൽകിയതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/20.10.22) അധികമായി നൽകിയ തുക പരിശീലകയിൽ നിന്ന് തിരിച്ചുപിടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധികമായി നൽകിയ ₹6000 ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 18.10.22 &19.10.22 | നം.കെ.എസ്.എ./കെ.എൻ.ആർ. /സി.1/1495/2022 തീയതി: 20.01.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പയ്യന്നൂർ. | 0 | 100000 | 100000 | സുഭിക്ഷകേരളം കാർഷിക സ്വയം പര്യാപ്തഗ്രാമം (കിഴങ്ങ് വർഗ്ഗം) -163/22 | 100000 | 0 |
| | 0 | 30000 | 30000 | സുഭിക്ഷകേരളം കരനെൽകൃഷി-17/22 | 30000 | 0 |
| | 0 | 120000 | 120000 | സുഭിക്ഷകേരളം പച്ചക്കറി തൈവിതരണം -18/22 | 120000 | 0 |
| | 0 | 807500 | 807500 | നെൽകൃഷിക്ക് വിത്തും കൂലിചെലവ് സബ് സിഡിയും -14/22 | 807500 | 0 |
| | 0 | 50000 | 50000 | സാന്ത്വനപരിചരണ പരിപാടി-78/22 | 50000 | 0 |
| | 0 | 18000 | 18000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി-SO 165/22 | 18000 | 0 |
| | 0 | 100000 | 100000 | ലൈഫ് ഭവനനിർമ്മാണം (എസ് സി 2021-22)-11/22 | 100000 | 0 |
| | 0 | 620000 | 620000 | ലൈഫ് ഭവനനിർമ്മാണം (എസ് ടി അഡീഷണൽ SO-161/22) | 620000 | 0 |
| | 0 | 1295478 | 1295478 | ലൈഫ് ഭവനനിർമ്മാണം (എസ് സി അഡീഷണൽ SO-160/22) | 1295478 | 0 |
| | 0 | 750000 | 750000 | ലൈഫ് ഭവനനിർമ്മാണം (ഫേസ്-2,3 പൂർത്തീകരണം- എസ് ടി -09/22) | 750000 | 0 |
| | 0 | 321511 | 321511 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-23/22 | 321511 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | 0 | 500000 | 500000 | തടയണനിർമ്മാണം നെല്ല്യാട് - SO-151/22 | 500000 | 0 |
| | 0 | 400000 | 400000 | ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാൽവില സബ്സിഡി-26/22 | 400000 | 0 |
| ആകെ | 0 | 5112489 | 5112489 | | 5112489 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 100000 | 100000 | സുഭിക്ഷകേരളം കാർഷിക സ്വയംപര്യാപ്ത ഗ്രാമം കിഴങ്ങുവർഗ്ഗ കൃഷി -43/22 | 100000 | 0 |
| | 0 | 33930 | 33930 | ബയോഫ്ലോക്ക് മത്സ്യകൃഷി-188/22 | 33930 | 0 |
| | 0 | 47867 | 47867 | വീട്ടുവളപ്പിൽ മത്സ്യകൃഷി-164/22 | 47867 | 0 |
| | 0 | 32000 | 32000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി-SO 165/22 | 32000 | 0 |
| | 0 | 730000 | 730000 | ലൈഫ് ഭവനനിർമ്മാണം(ഫേസ്-2-3 പൂർത്തീകരണം-ജനറൽ-08/22) | 730000 | 0 |
| | 0 | 875699 | 875699 | ലൈഫ് ഭവനനിർമ്മാണം (എസ് ടി അഡീഷണൽ SO-161/22) | 875699 | 0 |
| | 0 | 780000 | 780000 | ലൈഫ് ഭവനനിർമ്മാണം (എസ് സി അഡീഷണൽ SO-160/22) | 780000 | 0 |
| | 0 | 214000 | 214000 | ലൈഫ് ഭവനനിർമ്മാണം (ഫേസ്-2-3 പൂർത്തീകരണം -എസ് ടി )-09/22 | 214000 | 0 |
| | 0 | 425000 | 425000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-23/22 | 425000 | 0 |
| | 0 | 700000 | 700000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-SO 167/22 | 700000 | 0 |
| | 0 | 624716 | 624716 | കായപ്പോയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം -SO 133/22 | 624716 | 0 |
| | 0 | 1000000 | 1000000 | പൊതു ശ്മശാനനിർമ്മാണം-കക്കറ- SO 150/22 | 1000000 | 0 |
| | 0 | 200000 | 200000 | ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പാൽവില സബ്സിഡി-26/22 | 200000 | 0 |
| ആകെ | 0 | 5763212 | 5763212 | | 5763212 | 0 |

കുറിപ്പ് : സംയുക്ത പദ്ധതികൾക്കായി ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിൽ ഗ്രാമപഞ്ചായത്ത്

അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം 82480രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം-50180,ജില്ലാ പഞ്ചായത്ത് വിഹിതം-32300) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച വിനിയോഗിക്കാതെയുള്ള വിഹിതം ചെലവഴിക്കാത്ത പക്ഷം അതാത് ഹെഡുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടച്ച തുക |
|---|---|---|---|---|---|
| കേരള ഭൂജലവകുപ്പ്, കണ്ണൂർ | കടവനാട് അംഗൻവാടി കുഴൽകിണർ പ്രോജക്ട് നമ്പർ-228/22 | 21191052009101379558/19-03-2022/31538രൂപ<br>21191052009101132742/19-03-2022/49462രൂപ | 81000 | 44001 | 36999 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചില്ല. |
| | വയോജനകേന്ദ്രം മാതമംഗലം കുഴൽകിണർ നിർമ്മാണം പ്രോജക്ട് നമ്പർ-SO 132/22 | 22100765/22-10-2021 | 80000 | 44095 | 35905 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു |
| | നായിക്കുന്ന് അംഗനവാടി കുഴൽകിണർ നിർമ്മാണം പ്രോജക്ട് നമ്പർ-SO 131/22 | 22100770/22-10-2021 | 93000 | 38995 | 54005 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്,ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തിരിച്ചടക്കാനുള്ള വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ-കെയുആർ ഡി എഫ് സി-ലൈഫ് ഭവന നിർമ്മാണ | ജി ഒ(എം എസ്) നം 68/18/എൽ എസ് ജി ഡി/ തീയതി | 10749249 | 8857248 | 220000 | 9077248 | 1407999 | 0 | 7669249 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പദ്ധതി | 18.05.18 | | | | | | | | |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല. 25000/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 25000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപം | 25000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയറുകളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ സൊസൈറ്റി ലിമിറ്റഡ് | 09.04.15 | 20000 | ബി ക്ലാസ് ഷെയർ –2എണ്ണം- സർട്ടിഫിക്കറ്റ് നമ്പർ 4424 |
| 2 | കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | 14.07.15. | 5000 | സർട്ടിഫിക്കറ്റ് നമ്പർ 0037 – ഡിക്ലാസ് ഷെയർ |
| | | ആകെ | ₹25000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2021-22 വർഷത്തിൽ ലഭിച്ച 67733/- രൂപയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|---|
| 1 | 2008-09,2009-10,2010-11 | 2-2(3) | 5000 | മാനേജർ, സപ്ലൈകോ | 121030104429/04-01-22 |
| 2 | 2011-12 | 2-2(3) | 2500 | മാനേജർ, സപ്ലൈകോ | 121030104429/04-01-22 |
| 3 | 2016-17 | 2-3 | 1137 | സെക്രട്ടറി, ലോക്കൽ കമ്മറ്റി | 121030101313/13-08-21 |
| 4 | 2018-19 | 1-14(2) | 11250 | ചന്ദ്രൻ.ഇ.വി | 121030102604/05-11-21 |
| 5 | 2018-19 | 1-27 | 2146 | വിനോദ് കുമാർ | 121030500019/11-01-2022 |
| 6 | 2018-19 | 1-16 | 10000 | എം.പി അബൂബക്കർ (മരണപ്പെട്ട ശാദുലി.എ.പി.കെ എന്നവർക്ക് വേണ്ടി) | 121030104921/15-01-22 |
| 7 | 2018-19 | 1-16 | 19200 | ആസിയ മാടാളൻ (മരണപ്പെട്ട മുഹമ്മദ് | 121030105531/03-02-22 |

| | | | | | |
|---|---|---|---|---|---|
| | | | | കുഞ്ഞി.കെ.പി എന്നവർക്ക് വേണ്ടി) | |
| 8 | 2018-19 | 1-16 | 4500 | സുരേശൻ തെരുവത്ത് വീട്ടിൽ (മരണപ്പെട്ട പഴശ്ശി വീട്ടിൽ ചന്തുക്കുട്ടിഎന്നവർക്ക് വേണ്ടി) | 121030105612/04-02-22 |
| 9 | 2018-19 | 1-16 | 6000 | എം.പി ബാലകൃഷ്ണൻ (മരണപ്പെട്ട എം.പി നാരായണി എന്നവർക്ക് വേണ്ടി) | 121030104970/17-01-22 |
| 10 | 2018-19 | 1-16 | 6000 | പാർവതി.കെ.വി (മരണപ്പെട്ട കല്ല്യാണിക്കുട്ടി മാരസ്യാർ എന്നവർക്ക് വേണ്ടി) | 121050900031/19-11-2021 |
| | ആകെ | | ₹67733 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 8 | 2003-04 | 3.13.17 | മറ്റ് പരാമർശങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 9 | 2005-06 | 2-89-1 | സോഡിയം വേപ്പർ ലാമ്പ് റിപ്പയർ ഗുരുതര അപാകങ്ങൾ | നഷ്ടമായ 20,595/- രൂപ ഉത്തരവാദിയായ സെക്രട്ടറിയുടെ ഡിസിആർജിയിൽ നിന്നും ഈടാക്കിയിട്ടുണ്ട്. (നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം) |
| | 15 | 2005-06 | | പെൻഷൻ തുക തിരിച്ചുവന്നത് ക്യാഷ് ബുക്കിൽ വരവ് വെച്ചിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2.2 | 2016-17 | 2 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2.5 | 2016-17 | 2 | സ്ഥാപന തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 104557376 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 96015851 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 6000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 32431 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-28 (3-1) | | 6000 | ശ്രീമതി മായാജ്യോതി.എൻ.വി ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | | 6000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 1506 | ഡോ: ലേഖ.എ, മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്. |
| 1-30 | 30925 | ശ്രീമതി.സുജാത.പി, ഹെഡ് മിസ്ട്രസ്സ്, ഗവ.എൽ.പി സ്കൂൾ |
| ആകെ | 32431 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക-1-11,1-12,1-13

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രമണി.കെ, സെക്രട്ടറി, | ശ്രീമതി.രമണി.കെ, സെക്രട്ടറി, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്. | പൂവളപ്പിൽ ഹൗസ്, ആണ്ടാംകോവിൽ, കുഞ്ഞിമംഗലം(പി.ഒ), കണ്ണൂർ ജില്ല, പിൻ-670309 |

| | | |
|---|---|---|
| ഡോ: ലേഖ.എ,<br>മെഡിക്കൽ ഓഫീസർ. | ഡോ: ലേഖ.എ, മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്. | സാരംഗ്, ബൈപ്പാസ് റോഡ്, തായിനേരി, പയ്യന്നൂർ, കണ്ണൂർ ജില്ല |
| ശ്രീമതി.സുജാത.പി,<br>ഹെഡ് മിസ്ട്രസ്സ് | ഹെഡ് മിസ്ട്രസ്സ്, ജി എൽ പി എസ്, മാതമംഗലം, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്. | ചട്ട്യോൾ,<br>ഓലയമ്പാടി (പി.ഒ),<br>കണ്ണൂർ ജില്ല. |
| ശ്രീമതി മായാജ്യോതി.എൻ.വി<br>ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്. | കുപ്പോൾ(പിഒ),<br>പെരിങ്ങോം,<br>പെരുന്തട്ട,<br>കണ്ണൂർ ജില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ<br>സി.1/1417/2022 തീയതി 21.10.2022 | 9 |
| 2001-02 (പദ്ധതിയേതരം) | കെ.എസ്.എ/കെ.എൻ.ആർ<br>സി.1/1417/2022 തീയതി 21.10.2022 | 3 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ<br>സി.1/1417/2022 തീയതി 21.10.2022 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ<br>സി.1/1417/2022 തീയതി 21.10.2022 | 1 |
| 2008-09,2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ<br>സി.1/1417/2022 തീയതി 21.10.2022 | 1 |
| 2012-13,2013-14 | കെ.എസ്.എ/കെ.എൻ.ആർ<br>സി.1/1417/2022 തീയതി 21.10.2022 | 2 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ<br>സി.1/1417/2022 തീയതി 21.10.2022 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ<br>സി.1/1417/2022 തീയതി 21.10.2022 | 1 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ സി.1/1417/2022 തീയതി 21.10.2022 | 2 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ സി.1/1417/2022 തീയതി 21.10.2022 | 1 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ സി.1/1417/2022 തീയതി 21.10.2022 | 3 |
| 2019-20 | കെ എസ് എ / കെ എൻ ആർ സി 1/ 291 /21 തീയതി 25.07.2022 | 14 |
| 2020-21 | കെ എസ് എ / കെ എൻ ആർ സി 1/292/2022 തീയതി 01.08.2022 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Eramam Kuttoor Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 27583630.09 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1351070.00 |
| 140000000 | Fees & User Charges | RP-4 | 952882.00 |
| 150000000 | Sale & Hire Charges | RP-5 | 208363.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55774076.00 |
| 171000000 | Interest Earned | RP-9 | 904268.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 17575603.00 |
| 350000000 | Other Liabilities | RP-36 | 352585.00 |
| | Non Operating | | |
| 310000000 | Panchayat Fund | RP-28 | 500.00 |
| 311000000 | Earmarked Funds | RP-29 | 42904.00 |
| 330000000 | Secured Loans | RP-32 | 220000.00 |
| 340000000 | Deposits Received | RP-34 | 368502.00 |
| 350000000 | Other Liabilities | RP-36 | 897710.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 25730681.00 |
| 460000000 | Loans, Advances and Deposits | RP-47 | 178232.00 |
| | Grand total | | 132141006.09 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3587012.00 |
| 220000000 | Administrative Expenses | RP-12 | 658849.00 |
| 230000000 | Operations & Maintenance | RP-13 | 1772396.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7877012.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 26688084.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 550711.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 998343.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 244820.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 10044816.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 536000.00 |
| 280000000 | Prior Period item | RP-26 | -2744.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5724391.00 |
| 350000000 | Other Liabilities | RP-36 | 12403265.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1927.00 |
| 280000000 | Prior Period Item | RP-26 | -7500.00 |
| 311000000 | Earmarked Funds | RP-29 | 27000.00 |
| 340000000 | Deposits Received | RP-34 | 231294.00 |
| 350000000 | Other Liabilities | RP-36 | 4180922.00 |
| 410000000 | Fixed Assets | RP-38 | 4346718.00 |
| 412000000 | Capital work in Progress | RP-40 | 2156952.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12243255.00 |
| 460000000 | Loans, Advances and Deposits | RP-47 | 1752328.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 36125155.09 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 132141006.09 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Eramam Kuttoor Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6712650.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 376514.00 |
| 140000000 | Fee & User Charges | I-4(b) | 1304843.00 |
| 150000000 | Sale & Hire Charges | I-5(b) | 209563.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 190010845.00 |
| 171000000 | Interest Earned | I-8 | 904268.00 |
| | Total Income | | 199518683.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11575332.00 |
| 220000000 | Administrative Expenses | I-11(b) | 653681.00 |
| 230000000 | Operations & Maintenance | I-12(b) | 1792594.00 |
| 240000000 | Interest & Finance Charges | I-13 | 1927.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5219237.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 67004090.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2075427.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 998343.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 82976920.00 |
| 255000000 | Maintenance Projects | I-14(e) | 10044816.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 536000.00 |
| 270000000 | Provisions and Write off | I-16 | 5920.00 |
| 272000000 | Depreciation | I-17(a) | 11318113.00 |
| | Total Expenditure | | 194202400.00 |
| | Gross Surplus/ Deficit of income over Expenditure | | 5316283.00 |
| 280000000 | Prior Period Item | I-18 | -2694019.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 8010302.00 |

| | | | |
|---|---|---|---|
| | | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

| Eramam Kuttoor Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 58092682.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 52797.00 |
| 312000000 | Reserves | B-3 | 57586559.00 |
| | Total Reserve & Surplus | | 115732038.50 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9154525.59 |
| | Total Grants, Contributions for Specific Purposes | | 9154525.59 |
| | Loans | | |
| 330000000 | Secured Loans | B-5 | 7669249.00 |
| | Total Loans | | 7669249.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 771269.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2300015.00 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 3071284.00 |
| | TOTAL LIABILITIES | | 135627097.09 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 134233862.00 |
| 411000000 | Accumulated Depreciation | B-11 | -48764355.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 85469507.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 25000.00 |
| | Total Investments | | 25000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 12294113.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 36125155.09 |
| 460000000 | Loans, Advances and Deposits | B-18 | 1713322.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 50132590.09 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 135627097.09 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.